"ഭരണഭാഷ-മാതൃഭാഷ"

കേരള പ്രിസൺസ് & കറക്ഷണൽ സർവ്വീസസ്

ആസ്ഥാന കാര്യാലയം
ജയിൽ വകുപ്പ്, കേരളം
പൂജപ്പുര, തിരുവനന്തപുരം-12
:0471-2342532
:keralaprisons@gov.in
തീയതി : 24-09-2022

E1-19849/2022/PrHQ

## യു.ഒ നോട്ട്

വിഷയം :- ജയിലുകൾ - ജയിലാസ്ഥാനകാര്യാലയം - ജീവനക്കാര്യം - സംസ്ഥാനതല ജയിൽ ഉപദേശകസമിതിയുടെ ഓഫീസ് പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് ചീഫ് വെൽഫയർ ഓഫീസറെ ചുമതലപ്പെടുത്തിയത് - സംബന്ധിച്ച് :-

സൂചന :- 19.09.2022 തീയതിയിലെ സ.ഉ(സാ.ധാ) നം 2582/2022/HOME നമ്പർ ആഭ്യന്തര(ബി) വകുപ്പിന്റെ ഉത്തരവ്.

ബഹു. ജസ്റ്റിസ് കെ. കെ. ദിനേശൻ അധ്യക്ഷനായ സംസ്ഥാനതല ജയിൽ ഉപദേശക സമിതിയുടെ ഓഫീസ് പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി ജയിലാസ്ഥാനകാര്യാലയത്തിലെ ചീഫ് വെൽഫയർ ഓഫീസർക്ക് അധിക ചുമതല നൽകി സൂചന പ്രകാരം സർക്കാർ ഉത്തരവായിരിക്കുന്നു. ആയതിന്റെ പകർപ്പ് ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.

ഷിബു ആർ
സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ
ഡയറക്ടർ ജനറൽ ഓഫ് പ്രിസൺസ് & കറക്ഷണൽ സർവീസസ്സ് വേണ്ടി

സ്വീകർത്താവ് : ശ്രീ. ടി. ജി. സന്തോഷ്,
ചീഫ് വെൽഫയർ ഓഫീസർ (I/C)
ജയിലാസ്ഥാനകാര്യാലയം.

പകർപ്പ് : ജയിലാസ്ഥാനകാര്യാലയത്തിലെ എല്ലാ ഉദ്യോഗസ്ഥർക്കും

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ആഭ്യന്തര വകുപ്പ് - ജയിലുകൾ - സംസ്ഥാനതല ഉപദേശക സമിതിയുടെ ഓഫീസിന്റെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി ജയിൽ ആസ്ഥാന കാര്യാലയത്തിലെ ചീഫ് വെൽഫെയർ ഓഫീസർക്ക് അധികചുമതല നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആഭ്യന്തര(ബി)വകുപ്പ്**

സ.ഉ.(സാധാ) നം.2582/2022/HOME തീയതി,തിരുവനന്തപുരം, 19-09-2022

---

പരാമർശം:-

1) സ.ഉ (പി) നം. 17/2021/ആഭ്യന്തരം, തീയതി, 12.02.2021. (എസ്.ആർ.ഒ നം. 171/2021)
2) സ.ഉ.(സാധാ) നം. 623/2021/ആഭ്യന്തരം, തീയതി, 25.02.2021.
3) പ്രിസൺസ് & കറക്ഷണൽ സർവ്വീസസ് വകുപ്പ് ഡയറക്ടർ ജനറലിന്റെ 02.08.2022 ലെ WP1 /5701/2021/PrHQ നമ്പർ കത്ത്.
4) ഡെപ്യൂട്ടി ഇൻസ്പെക്ടർ ജനറൽ ഓഫ് പ്രിസൺസിന്റെ (എച്ച് ക്യൂ) 05.08.2022 ലെ ഇ1-19849/2022/PrHQ നമ്പർ നടപടിക്രമം.

**ഉത്തരവ്**

ജസ്റ്റിസ്.സി.എൻ.രാമചന്ദ്രൻനായർ അദ്ധ്യക്ഷനായ പോലീസ്, ജയിൽ പരിഷ്കരണ സമിതി ശിപാർശ അനുസരിച്ച്, ജയിൽ ഉപദേശക സമിതിയുടെ ശിപാർശകൾക്ക് എതിരായ പരാതികൾ / അപേക്ഷകൾ എന്നിവ പരിഗണിച്ച് ഉപദേശക സമിതിയുടെ ശിപാർശകൾ അവലോകനം ചെയ്ത് ആയവ സ്ഥിരീകരിക്കുകയോ തള്ളുകയോ വിപരീതമാക്കുകയോ പരിഷ്കരിക്കുകയോ ചെയ്യുന്നതിനുള്ള ശിപാർശ സർക്കാരിൽ സമർപ്പിക്കുന്നതിനായി റിട്ട.ഹൈക്കോടതി ജഡ്ജി ചെയർമാനായി സംസ്ഥാനതല ഉപദേശക സമിതി പരാമർശം (1) പ്രകാരം രൂപീകരിച്ചിട്ടുണ്ട്. ഈ സമിതിയുടെ ചെയർമാനായി റിട്ട.ജസ്റ്റിസ്.കെ.കെ.ദിനേശനേയും അനൗദ്യോഗിക അംഗമായി അഡ്വ.കെ.വിശ്വനേയും പരാമർശം - (2) പ്രകാരം നിയമിക്കുകയും ചെയ്തു. തിരുവനന്തപുരം സിക്ക ട്രെയിനിംഗ് സെന്ററിൽ പ്രവർത്തന സജ്ജമാക്കിക്കൊണ്ടിരിക്കുന്ന സംസ്ഥാനതല ഉപദേശക സമിതിയുടെ പ്രവർത്തനത്തിനായി ഒരു ക്ലർക്കിനേയും ഒരു വനിതാ അസിസ്റ്റന്റ് പ്രിസൺ ഓഫീസറേയും പരാമർശം (4) നടപടിക്രമം പ്രകാരം നിയോഗിച്ചിട്ടുണ്ട്.

2) മേല്പറഞ്ഞ പ്രകാരം രൂപീകൃതമായിട്ടുള്ള സംസ്ഥാനതല ഉപദേശക സമിതിയുടെ ഓഫീസ് പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് ജയിൽ ആസ്ഥാന കാര്യാലയത്തിലെ ചീഫ് വെൽഫെയർ ഓഫീസർക്ക് അധികച്ചുമതല നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ദീപ ശിവദാസൻ

ജോയിന്റ് സെക്രട്ടറി

ഡയറക്ടർ ജനറൽ, പ്രിസൺസ് & കറക്ഷണൽ സർവ്വീസസ്, തിരുവനന്തപുരം
ജസ്റ്റിസ് കെ.കെ. ദിനേശൻ (റിട്ട), കടവിൽപറമ്പിൽ ഹൗസ്, ചേറായി പി.ഒ, എറണാകുളം - 683514
അഡ്വ. കെ. വിശ്വൻ, ശ്രീവില്ല, ജില്ലാ കോടതിയ്ക്ക് സമീപം, തലശ്ശേരി, കണ്ണൂർ 670101
സെക്രട്ടറി, നിയമ വകുപ്പ്
സെക്രട്ടറി, സാമൂഹ്യനീതി വകുപ്പ്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് / എ&ഇ), കേരളം, തിരുവനന്തപുരം.
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ് (സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

**Signed by Jijimon.r**
**Date: 19-09-2022 15:11:44**

സെക്ഷൻ ഓഫീസർ

പകർപ്പ് : ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്